(ബി) ഇതേ കാലയളവിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിനായി സംസ്ഥാന സർക്കാർ അനുവദിച്ച 44.86 കോടി രൂപയിൽ 37.75 കോടി രൂപ വകുപ്പ് ചെലവഴിച്ചു

(സി) ഇക്കാലയളവിൽ ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളായ അലൂമിനിയം എക്സ്റ്റൻഷൻ ലാഡർ, ഫ്ലോട്ട് പമ്പ്, സീറോടോർക്ക് നോസിൽ, ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, ചെയിൻ സാ, എമർജൻസി ടെണ്ടറുകൾ, റബ്ബർ ഡിങ്കി, ലൈഫ് ജാക്കറ്റ്, ഡൈവിംഗ് സ്യൂട്ട്, ജനറേറ്റർ, മൊബൈൽ ടാങ്കർ യൂണിറ്റ്, ജീപ്പ്, ആംബുലൻസ്, ബ്രീത്തിങ് അപ്പാരറ്റസ് സെറ്റ്, ചെയിൻസാ, അസ്കാലൈറ്റ് തുടങ്ങിവയ വാങ്ങുകയുണ്ടായി.

(ഡി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ നവീകരണത്തിനായി വാങ്ങിയ ഉപകരണങ്ങളിൽ 3 മൊബൈൽ ടാങ്കർ യൂണിറ്റ്, 1 ജീപ്പ്, 3 ആംബുലൻസ്, 2 മോട്ടോർ സൈക്കിൾ, 17 സേഫ്ടി ബെൽറ്റ്, 1 ഫ്ലോട്ട് പമ്പ്, 15 ബ്രീത്തിംഗ് അപ്പാറ്റസ്, 13 ചെയിൻസാ, 8 എക്സ്ടിംഗ്യൂഷർ, 4 അസ്കാലൈറ്റ്, 1 സ്വിമ്മിംഗ് സ്യൂട്ട്, 1 ഗ്യാസ് ഡിറ്റക്ടർ,. 5 സീറോ ടോർക് നോസിൽ 1, റിക്കവറി വെഹിക്കിൾ, 1 കൃക്ക് റെസ്പോണ്ടന്റ് വെഹിക്കിൾ, 10 ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, 2 ഡിങ്കി, 1 ഫയർ സ്യൂട്ട്, 1 ജനറേറ്റർ സെറ്റ്, 4 ഹൈഡ്രോളിക് കട്ടർ എന്നിവ കണ്ണൂർ ജില്ലയിലെ വിവിധ നിലയങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ആലപ്പുഴ ഫയർ സ്റ്റേഷനിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

211 (1916) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഫയർ സ്റ്റേഷനിൽ അനുവദനീയമായ തസ്തികകൾ എത്ര ; നിലവിൽ ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ എത്ര; എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ഫയർസ്റ്റേഷനിൽ നിന്നും ഈ അടുത്ത കാലത്ത് എത്ര ജീവനക്കാരെ സ്ഥലം മാറ്റി ; പകരം ആളെ നിയമിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആലപ്പുഴ ഫയർ സ്റ്റേഷനിൽ ആവശ്യമായ വിവിധ വാഹനങ്ങൾ എത്ര ; നിലവിൽ ഉള്ളവ എത്ര ; ഇതിൽ പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ളവ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ദേശീയപാത, കായൽ, കടൽ എന്നിവ ഉൾപ്പെടുന്ന ഈ പ്രദേശത്ത് ഉണ്ടാകാവുന്ന അപകടങ്ങളും ആവശ്യവും മുൻനിർത്തി ആലപ്പുഴ ഫയർ സ്റ്റേഷന് ആധുനിക വാഹനങ്ങളും ഉപകരണങ്ങളും നൽകുവാനും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(എഫ്) ആലപ്പുഴ ഫയർ സ്റ്റേഷനിൽ ജീവനക്കാർ താമസിക്കുവാൻ സൗകര്യമില്ലാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ)

അനുവദനീയമായ തസ്തികകൾ	നിലവിൽ ജോലി ചെയ്യുന്നവർ	ഒഴിവുകൾ
സ്റ്റേഷൻ ഓഫീസർ - 1	1	ഇല്ല
അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ - 2	2	ഇല്ല
ലീഡിംഗ് ഫയർമാൻ - 11	11	ഇല്ല
ഡ്രൈവർ മെക്കാനിക് - 2	2	ഇല്ല
ഫയർമാൻ ഡ്രൈവർ - 20	20	ഇല്ല
ഫയർമാൻ - 52	50	2
പാർട്ട് ടൈം സ്വീപ്പർ - 1	1	ഇല്ല

(ബി) രണ്ട് ജീവനക്കാരെ സ്ഥലംമാറ്റി പകരം ആളെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുള്ള 2 ഫയർമാൻ തസ്തികയിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ആവശ്യമായ വാഹനങ്ങൾ - 15

നിലവിലുള്ള വാഹനങ്ങൾ - 12

പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ളവ - 6

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ആലപ്പുഴ നിലയത്തിനും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിലവിൽ ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്)പുതിയ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിച്ചു വരുന്നു.

മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

212 (1917) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി DSR 2013 പ്രകാരം 2 കോടി നാൽപ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരികയാണ്.

കരുനാഗപ്പള്ളി ഫയർ ഫോഴ്സ് സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ

213 (1918) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി ഫയർഫോഴ്സ് സ്റ്റേഷനിൽ ആവശ്യത്തിന് ഉപകരണങ്ങളോ ഓഫീസ് സൗകര്യങ്ങളോ ജീവനക്കാരോ വാഹനങ്ങളോ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

1. ഉപകരണങ്ങൾ :

കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിൽ നിലവിൽ ഹൈഡ്രോളിക് കട്ടർ, ആസ്സാലൈറ്റ് ഫ്ലോട്ട് പമ്പ്, ചെയിൻസാ യമഹ, ഡിങ്കി എന്നീ അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടെ ജീവൻരക്ഷാ ഉപകരണങ്ങൾ നിലവിൽ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly